**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2180** **14-10-2024 - ൽ മറുപടിയ്ക്ക്**

**കൂത്തുപറമ്പ് റീജിയണൽ അനലറ്റിക്കൽ ആൻഡ് റിസർച്ച് ലബോറട്ടറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അനലറ്റിക്കൽ ആൻഡ് റിസർച്ച് ലബോറട്ടറികൾ ഏതൊക്കെയാണെന്നും അവയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ; | (എ) | ഭക്ഷ്യ സുരക്ഷാ വകുപ്പിന് കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി 3 NABL അക്രെഡിറ്റഡ് ലബോറട്ടറികളും, പത്തനംതിട്ട, കണ്ണൂർ എന്നിവിടങ്ങളിൽ ഓരോ അനലിറ്റിക്കൽ ലബോറട്ടറിയും പ്രവർത്തിച്ച വരുന്നു. 3 അക്രെഡിറ്റഡ് ലബോറട്ടറികളിലും ഭക്ഷ്യ പദാർത്ഥങ്ങളുടെയും കുടിവെള്ളത്തിന്റെയും ഗുണനിലവാരം ഉറപ്പ് വരുത്തുന്ന പരിശോധനകളായ **Quality Parameters, Pesticide residue, Metals, Toxins, Antibiotics, Acid Profile** തുടങ്ങിയ പരിശോധനകൾക്ക് **NABL-FSSAI Integrated Assessment** പൂർത്തിയാക്കിയിട്ടുള്ളതാണ്. ടി ലബോറട്ടറികളിലെ മൈക്രോബയോളജി വിഭാഗവും അത്തരത്തിൽ അക്രെഡിറ്റേഷൻ ലഭിയ്ക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പൂർത്തീകരിച്ച് വരുന്നു. പത്തനംതിട്ടയിലും കണ്ണൂരിലും വാടക കെട്ടിടങ്ങളിൽ പ്രവർത്തിയ്ക്കുന്ന ലാബുകളിൽ കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ നിലവിലുണ്ട്. |
| (ബി) | സംസ്ഥാനത്ത് അവസാനമായി അനുവദിച്ച ഇത്തരം ലബോറട്ടറികൾ ഏതൊക്കെയാണെന്നും അവ പ്രവർത്തന സജ്ജമാണോയെന്നും അല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ; | (ബി) | 2018-19 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ അനലിറ്റിക്കൽ ലബോറട്ടറികളുടെ ശാക്തീകരണത്തിനായി 3 കോടി 30 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതാണ്. പ്രസ്തുത തുക കണ്ണൂർ ജില്ലയിൽ റീജിയണൽ അനലിറ്റിക്കൽ ലാബിന്റെ നിർമ്മാണത്തിനായി ഭരണാനുമതി ലഭിച്ചിട്ടുള്ളതുമാണ്. നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. നിലവിൽ ടി ലബോറട്ടറി വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. 10/05/2018 ലെ ഉത്തരവ് സ.ഉ(സാധാ) നം. 1600/2018/ആ.ക.വ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്ന തുകയിൽ 27/02/2019 ലെ ഉത്തരവ് സ.ഉ(സാധാ) നം.. 478/2019/ആ.ക.വ നം. |

| | | | |
|---|---|---|---|
| | | | സർക്കാർ ഉത്തരവ് പ്രകാരം ഭേദഗതി ചെയ്ത് 264 ലക്ഷം രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ ഭൂമിയുടെ ഉടമസ്ഥരായ KSIDC യ്ക്ക് നൽകാനുള്ള പാട്ടതുകയായ 59.57 ലക്ഷം രൂപ കുറവ് ചെയ്ത് ശേഷിയ്ക്കുന്ന 204.43 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിരുന്നതും ആദ്യ ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഇതിനകം ആരംഭിച്ചിട്ടുള്ളതുമാണ്.<br><br>രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ 835 ലക്ഷം രൂപയുടെ വിശദമായ പദ്ധതിരേഖ പൊതുമരാമത്ത് വകുപ്പ് ഇതിനകം ലഭ്യമാക്കിയിട്ടുണ്ട്. ആയതിന് സമഗ്ര ഭരണാനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | കുത്തുപറമ്പ് റീജിയണൽ അനലിറ്റിക്കൽ ആൻഡ് റിസർച്ച് ലബോറട്ടറിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ; | (സി) | ഒന്നാം ഘട്ട നിർമ്മാണത്തിൽ ഉൾപ്പെട്ട 76 ഫൗണ്ടേഷനുകളിൽ 26 എണ്ണം ഇതിനകം പൂർത്തീകരിച്ചിരുന്നതായും ഒക്ടോബർ 15 ന് മുൻപ് ഫൗണ്ടേഷനും പ്ലിന്ത് ലെവൽ ജോലികൾ പൂർത്തിയാക്കുമെന്നും അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചിട്ടുണ്ട്. നിലവിൽ പൊതുമരാമത്തിന്റെ പക്കലുള്ള 2.0433 കോടി രൂപയിൽ നിന്ന് താഴത്തെ നിലയുടെ സ്ട്രക്ചർ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിയ്ക്കുവാൻ കഴിയുന്നതാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചിട്ടുള്ളതാണ്. രണ്ടാം ഘട്ട നിർമ്മാണത്തിനാവശ്യമായ ഭരണാനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ഡി) | പ്രസ്തുത ലബോറട്ടറിയുടെ പുതിയ കെട്ടിട നിർമ്മാണത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ഡി) | നിലവിൽ തടസ്സങ്ങളൊന്നുമില്ല. |
| (ഇ) | പ്രസ്തുത ലബോറട്ടറിയുടെ നിർമ്മാണം പൂർത്തീകരിച്ച് പൂർണ്ണതോതിലുള്ള സേവനം പൊതുജനങ്ങൾക്ക് എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ഇ) | രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ ഭരണാനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ